**ഭരണഭാഷ–മാതൃഭാഷ**

# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
# (ഹാജർ. ഷിബു.എ.റ്റി)

തിരുവനന്തപുരം

നമ്പർ. PTGD/280/2022–ഇ 8 തീയതി. 22. 05. 2023

വിഷയം:– അച്ചടി വകുപ്പ് – ജീവനക്കാര്യം – 2022 വർഷത്തെ പൊതുസ്ഥലംമാറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:–

1. ഉ.ഭ.പ (എ.ആർ–14) വകുപ്പിന്റെ 25.02.2017 ലെ സ.ഉ (പി) നം. 3/17/ ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. സർക്കാരിന്റെ 21.10.2021 ലെ സ.ഉ (സാധാ) നം.155/2021/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
3. അച്ചടി വകുപ്പ് ഡയറക്ടറുടെ 11.03.2022 ലെ 22810/2021/ഇ 1/ ഡിപി നമ്പർ പരിപത്രം.
4. അച്ചടി വകുപ്പ് ഡയറക്ടറുടെ 20.05.2022 ലെ കരട് ജനറൽ ട്രാൻസ്ഫർ ലിസ്റ്റ്.
5. അച്ചടി വകുപ്പ് ഡയറക്ടറുടെ 05.08.2022 ലെ 22810/2021/ഇ 8/ഡിപി നമ്പർ ഉത്തരവ്.
6. അച്ചടി വകുപ്പ് ഡയറക്ടറുടെ 06.08.2023 ലെ PTGD/280/2022–ഇ 8 നമ്പർ ഉത്തരവ്.
7. ഒന്നാം ഗ്രേഡ് റീഡർ ശ്രീമതി. എ. എസ്. ഷാനി സമർപ്പിച്ച 12.08.2022 ലെ പരാതി.
8. ഒന്നാം ഗ്രേഡ് റീഡർ ശ്രീമതി. എസ്. ദീപ്തി സമർപ്പിച്ച 17.08.2022 ലെ പരാതി.
9. എറണാകുളം ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 27.12.2022 ലെ 5878/2022/ഇ 1 നമ്പർ കത്ത്.
10. അച്ചടി വകുപ്പ് ഡയറക്ടറുടെ 01.02.2023 ലെ 22810/2021/ഇ 1/ഡിപി നമ്പർ ഉത്തരവ്.
11. ഒന്നാം ഗ്രേഡ് റീഡർ ശ്രീമതി. എസ്. ദീപ്തി സമർപ്പിച്ച 04.02.2023 ലെ പരാതി.
12. ഒന്നാം ഗ്രേഡ് റീഡർ ശ്രീ. എം. എം. സുരേഷ് സമർപ്പിച്ച 15.02.2023 ലെ അപേക്ഷ.

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതു മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഓൺ ലൈൻ

സംവിധാനത്തിലൂടെ നടത്തണമെന്ന് പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. ടി നിർദ്ദേശാനുസരണം പരാമർശം (3) പ്രകാരം 2022 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പിൽ ഓൺ ലൈൻ മുഖേന ലഭിച്ച അപേക്ഷകൾ സ്പാർക്ക് മുഖേന ജനറേറ്റ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുമുണ്ടായി.

പരാമർശം (5) പ്രകാരം തിരുവനന്തപുരം ഗവ.സെൻട്രൽ പ്രസ്സിലെ ഒന്നാം ഗ്രേഡ് റീഡർ ശ്രീ. എം. എം. സുരേഷിനെ എറണാകുളം ഗവ.പ്രസ്സിലേയ്ക്ക് പൊതുസ്ഥലം മാറ്റം നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ പരാമർശം (6), (7) എന്നിവ പ്രകാരം തിരുവനന്തപുരം ഗവ.സെൻട്രൽ പ്രസ്സിലെ ഒന്നാം ഗ്രേഡ് റീഡർമാരായ ശ്രീമതി.എ.എസ്.ഷാനി, ശ്രീമതി.എസ്.ദീപ്തി എന്നിവർ പരാതി നൽകുകയുണ്ടായി. പ്രസ്തുത പരാതികൾ വിശദമായി പരിശോധിച്ചതിൽ ശ്രീ.എം.എം.സുരേഷിന്റെ Home station പാലക്കാട് ജില്ലയിൽ നിന്നും തൃശ്ശൂർ ജില്ലയിലേയ്ക്ക് നിയമപ്രകാരം മാറ്റിയത് സംബന്ധിച്ച് രേഖകൾ ഒന്നും തന്നെയില്ല എന്ന് എറണാകുളം ഗവ.പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് പരാമർശം (8) പ്രകാരം അറിയിക്കുകയുണ്ടായി. തുടർന്ന് ശ്രീ. എം. എം. സുരേഷിന് അനുവദിച്ച പൊതു സ്ഥലംമാറ്റം ക്രമപ്രകാരമല്ലെന്ന് കണ്ടതിനാൽ ടി ഉത്തരവിൽ ശ്രീ. എം. എം. സുരേഷിന് നൽകിയ സ്ഥലംമാറ്റം റദ്ദ് ചെയ്തു കൊണ്ടും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഗവ.സെൻട്രൽ പ്രസ്സിലെ ഒന്നാം ഗ്രേഡ് റീഡർ ശ്രീമതി. എ .എസ്. ഷാനിയെ എറണാകുളം ഗവ. പ്രസ്സിൽ നിയമിച്ചു കൊണ്ടും ഉത്തരവായിരുന്നു.

എന്നാൽ പ്രസ്തുത ഉത്തരവിനെതിരേ പരാമർശം 11 പ്രകാരം തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഒന്നാം ഗ്രേഡ് റീഡർ ശ്രീമതി. എസ്. ദീപ്തി പരാതി സമർപ്പിക്കുകയുണ്ടായി. കൂടാതെ 2022 വർഷത്തെ പൊതു സ്ഥലം മാറ്റത്തിൽ ഉൾപ്പെടാതിരുന്നെങ്കിൽ പരാമർശം (6) പ്രകാരം എറണാകുളം ഗവൺമെന്റ് പ്രസ്സിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കേണ്ടിയിരുന്നത് ഒന്നാം ഗ്രേഡ് റീഡർ തസ്തികയിൽ സീനിയറായിട്ടുള്ള ശ്രീ. എം. എം. സുരേഷാണെന്നും ആയതിനാൽ പരാമർശം (5) ലെ ഉത്തരവ് പരിഷ്കരിച്ചതിനാൽ പരാമർശം (6) ഉത്തരവ് കൂടി പുനഃ പരിശോധിക്കണമെന്നാണ് പരാമർശം (12) പ്രകാരം തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഒന്നാം ഗ്രേഡ് റീഡർ ശ്രീ. എം. എം. സുരേഷ് ആവശ്യപ്പെട്ടിരിക്കുന്നത്.

എറണാകുളം ഗവ.പ്രസ്സിൽ ആകെ 3 റീഡർ ഗ്രേഡ് I തസ്തികയാണ് നിലവിലുള്ളത്. നിലവിൽ ടി കാര്യാലയത്തിൽ ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീമതി.പി.ബിന്ദു
2. ശ്രീമതി. എ. എസ്. ഷാനി
3. ശ്രീ. കെ. പി. സുനിൽ പ്രസാദ്

ടി ജീവനക്കാരുടേയും, ശ്രീമതി.എസ്.ദീപ്തി, ശ്രീ. എം.എം. സുരേഷ് എന്നിവരുടേയും സ്വന്തം ജില്ല (Home Station), സർവ്വീസ് വിവരങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, തസ്തിക, സ്വന്തം ജില്ല | ജോലിയിൽ പ്രവേശിച്ച കാര്യാലയം, ജില്ല | തസ്തിക | കാലയളവ് |
|---|---|---|---|---|
| 1. | ശ്രീ. എം. എം. സുരേഷ്, കോപ്പി ഹോൾഡർ പാലക്കാട് | ഗവ.പ്രസ്സ്, മണ്ണന്തല തിരുവനന്തപുരം | കോപ്പി ഹോൾഡർ | 27.04.2004 – 26.11.2008 |
| | | സർക്കാർ മുദ്രനിർമ്മാണശാല തിരുവനന്തപുരം | റീഡർ ഗ്രേഡ് II | 27.11.2008 – 06.12.2008 |
| | | ഗവ.പ്രസ്സ്, കണ്ണൂർ | റീഡർ ഗ്രേഡ് II | 15.12.2008 – 03.05.2010 |
| | | ഗവ.പ്രസ്സ്, ഷൊർണ്ണൂർ പാലക്കാട് | റീഡർ ഗ്രേഡ് II | 04.05.2010 – 30.05.2013 |
| | | ഗവ.പ്രസ്സ്, എറണാകുളം | റീഡർ ഗ്രേഡ് II | 01.06.2013 – 02.11.2016 |
| | | ഗവ.പ്രസ്സ്, ഷൊർണ്ണൂർ പാലക്കാട് | റീഡർ ഗ്രേഡ് II | 03.11.2013–03.01.2017 FN |
| | | ഗവ.പ്രസ്സ്, എറണാകുളം | റീഡർ ഗ്രേഡ് II | 11.01.2017–27.04.2018 FN |
| | | ഗവ.പ്രസ്സ്, ഷൊർണ്ണൂർ പാലക്കാട് | റീഡർ ഗ്രേഡ് II | 29.05.2019–22.06.2020 |
| | | ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | റീഡർ ഗ്രേഡ് I | 01.07.2020–05.08.2022 |
| | | ഗവ.പ്രസ്സ്, എറണാകുളം | റീഡർ ഗ്രേഡ് I | 06.08.2022 – 02.02.2023 FN |
| | | ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | റീഡർ ഗ്രേഡ് I | 13.02.2023 മുതൽ തുടരുന്നു. |
| 2. | ശ്രീ. കെ.പി. സുനിൽ പ്രസാദ്, കോപ്പിഹോൾഡർ പാലക്കാട് | ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | കോപ്പി ഹോൾഡർ | 08.09.2004–18.04.2009 |
| | | ഗവ.പ്രസ്സ്, എറണാകുളം | റീഡർ ഗ്രേഡ് II | 19.04.2009 – 03.08.2009 |
| | | ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | കോപ്പി ഹോൾഡർ | 04.08.2009 – 05.03.2010 |
| | | ഗവ.പ്രസ്സ്, എറണാകുളം | റീഡർ ഗ്രേഡ് II | 12.03.2010 – 18.08.2010 |
| | | ഗവ. പ്രസ്സ്, എറണാകുളം | റീഡർ ഗ്രേഡ് II | 26.08.2010 – 02.06.2011 |
| | | ഗവ.പ്രസ്സ്, എറണാകുളം | റീഡർ ഗ്രേഡ് II | 04.06.2011 – 15.05.2012 |
| | | ഗവ.പ്രസ്സ്, ഷൊർണ്ണൂർ പാലക്കാട് | റീഡർ ഗ്രേഡ് II | 16.05.2012 – 29.08.2016 |
| | | ഗവ.പ്രസ്സ്, എറണാകുളം | റീഡർ ഗ്രേഡ് II | 07.09.2016 – 22.06.2020 |
| | | ഗവ.പ്രസ്സ്, ഷൊർണ്ണൂർ പാലക്കാട് | റീഡർ ഗ്രേഡ് II | 23.06.2020 – 03.02.2021 |
| | | ഗവ.പ്രസ്സ്, മണ്ണന്തല തിരുവനന്തപുരം | റീഡർ ഗ്രേഡ് I | 15.02.2021 – 10.02.2022 |

| | | | | |
|---|---|---|---|---|
| | | ഗവ.സെൻട്രൽ പ്രസ്സ് തിരുവനന്തപുരം | റീഡർ ഗ്രേഡ് I | 14.02.2022 - 06.08.2022 |
| | | ഗവ.പ്രസ്സ്, എറണാകുളം | റീഡർ ഗ്രേഡ് I | 08.08.2022 മുതൽ തുടരുന്നു. |
| 3. | ശ്രീമതി. പി.ബിന്ദു, കോപ്പിഹോൾഡർ പാലക്കാട് | ഗവ.പ്രസ്സ് കോഴിക്കോട് | കോപ്പി ഹോൾഡർ | 22.09.2003 - 16.04.2008 |
| | | ഗവ.പ്രസ്സ് വയനാട് | റീഡർ ഗ്രേഡ് II | 18.04.2008 - 22.05.2008 |
| | | ഗവ.പ്രസ്സ്, ഷൊർണ്ണൂർ പാലക്കാട് | റീഡർ ഗ്രേഡ് II | 24.05.2008 - 04.05.2017 |
| | | ഗവ.പ്രസ്സ് എറണാകുളം | റീഡർ ഗ്രേഡ് II | 12.05.2017 - 07.10.2017 |
| | | ഗവ.പ്രസ്സ്, ഷൊർണ്ണൂർ പാലക്കാട് | റീഡർ ഗ്രേഡ് II | 09.10.2017 - 27.04.2018 |
| | | ഗവ.പ്രസ്സ്, എറണാകുളം | റീഡർ ഗ്രേഡ് II | 30.04.2018 - 11.06.2018 |
| | | ഗവ.പ്രസ്സ്, ഷൊർണ്ണൂർ പാലക്കാട് | റീഡർ ഗ്രേഡ് II | 12.06.2018 - 28.05.2019 |
| | | ഗവ.പ്രസ്സ്, മണ്ണന്തല തിരുവനന്തപുരം | റീഡർ ഗ്രേഡ് I | 30.05.2019 - 04.06.2019 |
| | | ഗവ.പ്രസ്സ്, കോഴിക്കോട് | റീഡർ ഗ്രേഡ് I | 06.06.2019 - 22.07.2019 |
| | | ഗവ.പ്രസ്സ്, ഷൊർണ്ണൂർ പാലക്കാട് | റീഡർ ഗ്രേഡ് I | 23.07.2019 - 03.02.2021 |
| | | ഗവ.പ്രസ്സ് എറണാകുളം | റീഡർ ഗ്രേഡ് I | 11.02.2021 മുതൽ തുടരുന്നു. |
| 4. | ശ്രീമതി.ദീപ്തി.എസ് കോപ്പിഹോൾഡർ എറണാകുളം | ഗവ.പ്രസ്സ് എറണാകുളം | കോപ്പി ഹോൾഡർ | 24.09.2004 - 16.04.2010 |
| | | ഗവ.പ്രസ്സ്, വാഴൂർ കോട്ടയം | റീഡർ ഗ്രേഡ് II | 26.04.2010 - 03.10.2011 |
| | | ഗവ.പ്രസ്സ്, എറണാകുളം | റീഡർ ഗ്രേഡ് II | 07.10.2011 - 19.12.2011 |
| | | ഗവ.പ്രസ്സ്, വാഴൂർ കോട്ടയം | റീഡർ ഗ്രേഡ് II | 27.12.2011 - 01.06.2012 |
| | | ഗവ.പ്രസ്സ്, എറണാകുളം | റീഡർ ഗ്രേഡ് II | 04.06.2012 - 14.08.2012 |
| | | ഗവ.പ്രസ്സ്, വാഴൂർ കോട്ടയം | റീഡർ ഗ്രേഡ് II | 22.08.2012 - 08.10.2012 |
| | | ഗവ.പ്രസ്സ്, എറണാകുളം | റീഡർ ഗ്രേഡ് II | 09.10.2012 - 04.05.2017 |
| | | ഗവ.പ്രസ്സ്, കണ്ണൂർ | റീഡർ ഗ്രേഡ് II | 12.05.2017 - 12.06.2018 |
| | | ഗവ.പ്രസ്സ്, വാഴൂർ കോട്ടയം | റീഡർ ഗ്രേഡ് II | 14.06.2018 - 24.10.2018 |
| | | ഗവ.പ്രസ്സ്, കോഴിക്കോട് | റീഡർ ഗ്രേഡ് II | 02.11.2018 - 30.05.2019 |
| | | ഗവ.പ്രസ്സ്, വാഴൂർ കോട്ടയം | റീഡർ ഗ്രേഡ് II | 03.06.2019 - 31.05.2021 |
| | | ഗവ.സെൻട്രൽ പ്രസ്സ് തിരുവനന്തപുരം | റീഡർ ഗ്രേഡ് I | 07.06.2021 മുതൽ തുടരുന്നു |
| 5. | ശ്രീമതി. എ. എസ്. ഷാനി, കോപ്പിഹോൾഡർ എറണാകുളം | ഗവ.പ്രസ്സ് എറണാകുളം | കോപ്പി ഹോൾഡർ | 15.10.2004– |
| | | ഗവ.പ്രസ്സ്, വയനാട് | റീഡർ ഗ്രേഡ് II | 03.05.2010 - 19.01.2013 |
| | | ഗവ.പ്രസ്സ്, എറണകുളം | റീഡർ ഗ്രേഡ് II | 22.01.2013 - 09.05.2013 |
| | | ഗവ.പ്രസ്സ് വയനാട് | റീഡർ ഗ്രേഡ് II | 18.05.2013 - 27.05.2013 |

| | | | | |
|---|---|---|---|---|
| | | ഗവ.പ്രസ്സ് എറണാകുളം | റീഡർ ഗ്രേഡ് II | 30.05.2013 - 27.04.2018 |
| | | സർക്കാർ മുദ്രനിർമ്മാണശാല തിരുവനന്തപുരം | റീഡർ ഗ്രേഡ് II | 05.05.2018 - 14.06.2021 |
| | | ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | റീഡർ ഗ്രേഡ് I | 15.06.2021 മുതൽ തുടരുന്നു |

മേൽ പട്ടികയിലുള്ള ക്രമ നം.1 ശ്രീ.എം.എം.സുരേഷിന്റെ സേവന പുസ്തകത്തിലെ Home Station പാലക്കാട് ജില്ലയാണ്. ടിയാന്റെ SPARK വിവരങ്ങളിൽ Home Station തൃശ്ശൂർ എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാൻ Home Station മാറ്റിയത് സംബന്ധിച്ച വിവരങ്ങൾ ടിയാന്റെ സേവനപുസ്തകത്തിൽ ലഭ്യമല്ല എന്ന് എറണാകുളം ഗവ.പ്രസ്സിൽ നിന്നും പരാമർശം (9) പ്രകാരം അറിയിച്ചിട്ടുണ്ട്.

മുൻ പട്ടികയിലെ ക്രമ നം.2, ക്രമ നം.3 ശ്രീ.കെ.പി.സുനിൽപ്രസാദ്, ശ്രീമതി.പി.ബിന്ദു എന്നിവരുടെയും Home Station പാലക്കാട് ജില്ലയാണ്.

ശ്രീമതി. എ.എസ്.ഷാനി, ശ്രീമതി.എസ്. ദീപ്തി എന്നിവരുടെ Home Station എറണാകുളം ജില്ലയാണ്.

ശ്രീ. എം. എം. സുരേഷ് കോപ്പി ഹോൾഡറായി തിരുവനന്തപുരം ജില്ലയിലാണ് ജോലിയിൽ പ്രവേശിച്ചത്. ടിയാൻ, ടിയാന്റെ Home Station ആയ പാലക്കാട് ജില്ലയിൽ 6 വർഷം മാത്രമേ ജോലി ചെയ്തിട്ടുള്ളൂ. Out Station സേവനം ടിയാന് റീഡർ ഗ്രേഡ് II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച കാലയളവ് മുതൽ മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. Out Station ൽ ടിയാൻ 10 വർഷം സേവനം പൂർത്തിയാക്കിയിട്ടുണ്ട്.

ശ്രീ.കെ.പി.സുനിൽ പ്രസാദ് കോപ്പി ഹോൾഡർ തസ്തികയിൽ തിരുവനന്തപുരം ജില്ലയിലാണ് ജോലിയിൽ പ്രവേശിച്ചത്. ടിയാന്റെ Home Station പാലക്കാട് ജില്ലയാണ്. ടിയാന്റെ Home Station ജില്ലയിൽ 5 വർഷവും മറ്റ് ജില്ലകളിൽ 9 വർഷവും സേവനം പൂർത്തിയാക്കിയിട്ടുണ്ട്.

ശ്രീമതി.പി.ബിന്ദു കോപ്പി ഹോൾഡർ തസ്തികയിൽ കോഴിക്കോട് ജില്ലയിലാണ് ജോലിയിൽ പ്രവേശിച്ചത്. ടിയാളുടെ Home Station പാലക്കാട് ജില്ലയിലാണ്. ടിയാളുടെ ജില്ലയിൽ 11 വർഷവും മറ്റ് ജില്ലകളിൽ 2 വർഷവും മാത്രമേ ജോലി ചെയ്തിട്ടുള്ളൂ. ടിയാൾ നിലവിൽ നിർബന്ധിതമായി എറണാകുളം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ടതാണ്.

ശ്രീമതി.എ.എസ്.ഷാനി എറണാകുളം ജില്ലയിലാണ് കോപ്പി ഹോൾഡർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചത്. ടിയാളുടെ Home Station എറണാകുളം ജില്ലയിലാണ്. ടിയാൾ സ്വന്തം ജില്ലയിൽ 11 വർഷം ജോലി ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ 7 വർഷവും പൂർത്തിയാക്കിയിട്ടുണ്ട്.

ശ്രീമതി.എസ്.ദീപ്തി എറണാകുളം ജില്ലയിലാണ് കോപ്പി ഹോൾഡർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചത്. ടിയാളുടെ Home Station എറണാകുളം ജില്ലയിലാണ്. ടിയാൾ സ്വന്തം ജില്ലയിൽ 10 വർഷവും മറ്റ് ജില്ലകളിൽ 8 വർഷവും പൂർത്തിയാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ ജീവനക്കാരുടെ മുൻഗണനാക്രമം ചുവടെ ചേർക്കുന്നു.

1. ശ്രീമതി.പി.ബിന്ദു
2. ശ്രീ.എം.എം.സുരേഷ്
3. ശ്രീ.കെ.പി.സുനിൽ പ്രസാദ്
4. ശ്രീമതി.എസ്.ദീപ്തി
5. ശ്രീമതി.എ.എസ്.ഷാനി

പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വന്തം ജില്ലയ്ക്ക് പുറത്ത് ഏറ്റവും കൂടുതൽ കാലയളവ് ജോലി ചെയ്ത ജീവനക്കാരുടെ വിവരങ്ങൾ ക്രമപ്രകാരം ചുവടെ ചേർക്കുന്നു.

1. ശ്രീ.എം.എം.സുരേഷ് – 10 വർഷം
2. ശ്രീ.കെ.പി.സുനിൽപ്രസാദ് – 9 വർഷം
3. ശ്രീമതി.എസ്.ദീപ്തി – 8 വർഷം
4. ശ്രീമതി.എ.എസ്.ഷാനി – 7 വർഷം
5. ശ്രീമതി.പി.ബിന്ദു – 2 വർഷം

മേൽ വിവരിച്ച വിഷയങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (6), (10) എന്നീ ഉത്തരവുകൾ ചുവടെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഒന്നാം ഗ്രേഡ് റീഡർ തസ്തികയിൽ നിയമനങ്ങൾ നടത്തി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം നൽകി നിയമിക്കപ്പെടുന്ന കാര്യാലയം | ഒഴിവ് സംബന്ധിച്ച വിവരം |
|---|---|---|---|
| 1. | ശ്രീ. എം. എം. സുരേഷ്, ഒന്നാം ഗ്രേഡ് റീഡർ ഗവ.സെൻട്രൽ പ്രസ്സ് തിരുവനന്തപുരം | സ്ഥലംമാറ്റം ഒന്നാം ഗ്രേഡ് റീഡർ ഗവ.പ്രസ്സ്, എറണാകുളം | ശ്രീ. കെ. പി. സുനിൽ പ്രസാദിന് സ്ഥല് മാറ്റം നൽകിയ ഒഴിവിൽ |

| | | | |
|---|---|---|---|
| 2. | ശ്രീമതി. എസ്. ദീപ്തി<br>ഒന്നാം ഗ്രേഡ് റീഡർ<br>ഗവ.സെൻട്രൽ പ്രസ്സ്<br>തിരുവനന്തപുരം | സ്ഥലംമാറ്റം<br>ഒന്നാം ഗ്രേഡ് റീഡർ<br>ഗവ.പ്രസ്സ്,<br>എറണാകുളം | ശ്രീമതി. എ. എസ്. ഷാനിയ്ക്ക് സ്ഥലം മാറ്റം നൽകിയ ഒഴിവിൽ |
| 3. | ശ്രീ. കെ. പി. സുനിൽ പ്രസാദ്<br>ഒന്നാം ഗ്രേഡ് റീഡർ,<br>ഗവ. പ്രസ്സ്, എറണാകുളം | സ്ഥലംമാറ്റം<br>ഒന്നാം ഗ്രേഡ് റീഡർ<br>ഗവ.സെൻട്രൽ പ്രസ്സ്<br>തിരുവനന്തപുരം | ശ്രീ. എം. എം. സുരേഷിന് സ്ഥലം മാറ്റം നൽകിയ ഒഴിവിൽ |
| 4. | ശ്രീമതി. എ. എസ്. ഷാനി<br>ഒന്നാം ഗ്രേഡ് റീഡർ<br>ഗവ. പ്രസ്സ്, എറണാകുളം | സ്ഥലംമാറ്റം<br>സ്ഥലംമാറ്റം<br>ഒന്നാം ഗ്രേഡ് റീഡർ<br>ഗവ.സെൻട്രൽ പ്രസ്സ്<br>തിരുവനന്തപുരം | ശ്രീമതി.എസ്. ദീപ്തിയ്ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ |

സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ അവരെ നിയമിക്കപ്പെട്ട കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കണമെന്ന് നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഉടൻതന്നെ വിടുതൽ ചെയ്യേണ്ടതാണ്. സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃതമായ ചേരുംകാലത്തിനും യാത്രാബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. സ്ഥലംമാറ്റം സംബന്ധിച്ച് ആക്ഷേപമുള്ളപക്ഷം പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 7 (ii) പ്രകാരം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

ഒപ്പ്/-,
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./ സീനിയർ സൂപ്രണ്ട്./
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ.പ്രസ്സ്, എറണാകുളം/ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ),
ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം/അക്കൗണ്ട് ഓഫീസർ/ഓഫീസ് മാനേജർ/
ജൂനിയർ സൂപ്രണ്ട് ഇ I, ഇ II/ഹെഡ് ക്ലാർക്ക് ജിസിപി ഇ 1/ജിസിപി ഇ 1 സീറ്റ്/
എ 9 സീറ്റ്/ഇ 8 സീറ്റ്/ ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്